(ഡി) നെല്ലിന്റെ ഉൽപ്പാദനച്ചെലവ്, മാർക്കറ്റ് വില എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രധാനമായും ജില്ലാതല കമ്മിറ്റികൾ നെല്ലിന്റെ സംഭരണവില നിശ്ചയിക്കുന്നത്.

നെൽപ്പാടങ്ങളിൽ കീടനാശിനി പ്രയോഗം

91 [1168] പ്രൊഫ. കെ. വി. തോമസ് :
ശ്രീ. വർക്കല കഹാർ:
,, ടി. യു. രാധാകൃഷ്ണൻ:
,, സി. പി. മുഹമ്മദ്:
,, വി. ഡി. സതീശൻ: താഴെ താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാടൻ പ്രദേശങ്ങളിൽ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടില്ലാത്ത കീടനാശിനികൾ പ്രയോഗിക്കുന്നുണ്ടോ ;

(ബി) ഇത്തരം കീടനാശിനികൾ പ്രയോഗിക്കുന്നത് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോ ;

(സി) ഇത്തരം കീടനാശിനികൾ പ്രയോഗിക്കപ്പെടുന്ന നെല്ലിനങ്ങളിൽ അവയുടെ അംശം കാണപ്പെടുന്നുണ്ടോ ;

(ഡി) ഇത് സംബന്ധിച്ച എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി ആന്റ് ഡി) ബാധകമല്ല.

നാളികേര കൃഷി സംരക്ഷിക്കുന്നതിന് നടപടി

92 [1169] ഡോ. തോമസ് ഐസക്:
ശ്രീ. പി. സി. ജോർജ്ജ്:
,, എ. സി. മൊയ്തീൻ:
,, കെ. പി. സതീഷ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001 മേയ് മുതൽ നാളികേര കൃഷി സംരക്ഷിക്കുന്നതിനും നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ പറയാമോ ;

(ബി) ഈ പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയാണ്;

(സി) ഈ പദ്ധതികളുടെ ഫലമായി നാളികേര ഉൽപ്പാദനത്തിൽ ഓരോ വർഷവും ഉണ്ടായിട്ടുള്ള വർദ്ധനവിന്റെ വിശദാംശങ്ങൾ പറയാമോ ;

(ഡി) വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളികേര കൃഷി സംരക്ഷിക്കുന്നതിനും നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

1. കാറ്റുവീഴ്ച രോഗം ബാധിച്ച ഉൽപ്പാദനക്ഷമത നശിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം ഗുണമേന്മയുള്ള തൈകൾ നടീൽ.

2. മണ്ഡരി നിയന്ത്രണവും മണ്ഡരി ബാധിച്ച തെങ്ങുകളുടെ ശാസ്ത്രീയപരിപാലനവും.

3. സംയോജിത വളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സൗജന്യ നിരക്കിൽ വളം വിതരണം ചെയ്തു.

4. ജലസേചന സൗകര്യം മെച്ചപ്പെടുത്തി.

5. പ്രദർശന തോട്ടങ്ങൾ സംഘടിപ്പിച്ചു.

6. ജൈവവള വിത്ത് വിതരണത്തിനും ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകി.

7. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി.

8. നാളികേര ടെക്നോളജി മിഷന്റെ ഭാഗമായി തിരുവനന്തപുരം, തൃശൂർ ജില്ലകളിൽ രോഗം ബാധിച്ച മുഴുവൻ തെങ്ങുകളും മുറിച്ച് മാറ്റുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കി.

(ബി) കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും ഉൾപ്പെടെ 7671.7025 ലക്ഷം രൂപ ചെലവഴിച്ചു.

(സി) നാളികേരം ദീർഘകാല വിളയായതിനാൽ പദ്ധതി നടത്തിപ്പിലൂടെ ഓരോ വർഷവും ഉണ്ടായ ഉൽപ്പാദന വർദ്ധനവ് കണക്കാക്കാൻ സാധിക്കില്ല. എന്നിരുന്നാലും 2000-01 മുതലുള്ള ഉൽപ്പാദനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

2000 01	-	5536 ദശലക്ഷം
2001 02	-	5479 ,,
2002 03	-	5709 ,,
2003 04	-	ലഭ്യമല്ല

(ഡി) ചില വർഷങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly